
# ബുദ്ധൻ, ക്രിസ്തു, മുഹമ്മദ്; ലോക മതങ്ങളെപ്പറ്റി ഒരു

ബുക് ടോക് ● പി.എ നാസിമുദ്ദീൻ

**മനുഷ്യചരിത്രത്തെ** നിർമിക്കുകയും അതിനെ മാറ്റിമറിക്കുകയും ഭൂമിയിലെ മുക്കാൽ പങ്കിൽ പരം ജനകോടികളുടെ ഭാഗധേയം നിർണയിക്കുകയും ചെയ്യുന്ന വ്യത്യസ്ത മതതത്ത്വങ്ങളിലൂടെ മുഹമ്മദ് ശമീം നടത്തുന്ന തീർഥാടനമാണ് 'ബുദ്ധൻ, ക്രിസ്തു, മുഹമ്മദ് ലോകമതങ്ങളെപ്പറ്റി ഒരു പുസ്തകം' എന്ന പുസ്തകം. മുഹമ്മദ് മുസ്ത്വഫയുടെ ഹിറാഗുഹയിലും മൂസാ പ്രവാചകന്റെ തൂർ പർവതത്തിലും സൗരാഷ്ട്രരുടെ സെബലാൻ ഗിരിശൃംഗങ്ങളിലും യേശുവിന്റെ ഗലീലിയൻ കുന്നുകളിലും ഋഷിമാരുടെ തപോവനങ്ങളിലും അദ്ദേഹത്തിന് കേൾക്കാൻ കഴിയുന്നത് ഏകത്വത്തിന്റെ സ്വരഭേദങ്ങൾ മാത്രം. ഇഖ്ബാലിന്റെ കവിതയിലെന്ന പോലെ പ്രപഞ്ചവീണയിൽ മുഴങ്ങുന്ന ഏകരാഗമായി തൗഹീദിനെ അദ്ദേഹം തിരിച്ചറിയുന്നു. എല്ലാ മതങ്ങളും ആദിമമായ ശുദ്ധരൂപത്തിൽ ഏകദൈവ വിശ്വാസങ്ങളായിരുന്നെന്നും പിന്നീടതിൽ അപഭ്രംശങ്ങൾ സംഭവിക്കുകയാണ് ഉണ്ടായതെന്നുമുള്ള ഖുർആനിക ദർശനം ഈ കൃതിയുടെ ആന്തരിക ഘടനയിൽ അന്തർലീനമായി കിടക്കുന്നുണ്ട്.




**ബുദ്ധൻ യേശു മുഹമ്മദ്**
ലോകമതങ്ങളെപ്പറ്റി ഒരു പുസ്തകം
**മുഹമ്മദ് ശമീം**
പ്രസാധനം:
**ഇസ്ലാമിക് പബ്ലിഷിംഗ് ഹൗസ്**
**പേജ് 392 വില 150**

ലോകത്തിലെ പ്രബല മതങ്ങളായ ഷിന്റോ, കൺഫ്യൂഷിസം, തവോ, സൗരാഷ്ട്ര മതം, ഹിന്ദുമതം, ബുദ്ധമതം, ജൈനമതം, ജൂതമതം, ക്രിസ്തുമതം, ഇസ്ലാം എന്നിവയെപ്പറ്റി സാധാരണ വായനക്കാർക്ക് ശാസ്ത്രീയമായ ഒരു ലഘുപരിചയം സിദ്ധിക്കാനും ജ്ഞാനോത്സുകർക്ക് കൂടുതൽ അന്വേഷണ ത്വര ഉളവാക്കാനും കഴിയുന്ന വിധമാണ് ഈ പുസ്തകം സംവിധാനം ചെയ്തിട്ടുള്ളത്.

എല്ലാ മതങ്ങളും അടിസ്ഥാനപരമായി പിന്തുടരാൻ ആഗ്രഹിക്കുന്നത് പ്രകൃതിയുടെ നൈസർഗികവും സന്തുലിതവുമായ ജീവിതശൈലിയാണെന്നും അനശ്വരതക്കും വിമോചനത്തിനും വേണ്ടിയുള്ള അദമ്യ വാഞ്ഛയാണ് അവയുടെ കാതലെന്നും ഗ്രന്ഥകർത്താവ് ഈ തീർഥാടനത്തിലൂടെ നമ്മെ ബോധവത്കരിക്കുന്നു. മനുഷ്യനെ ശുദ്ധീകരിക്കാനും സംസ്കാര സമ്പന്നനാക്കാനും മതത്തോളം പങ്കുവഹിച്ച മറ്റൊരു ആശയ സംഹിതയുമില്ലെന്നും അദ്ദേഹം സാക്ഷ്യപ്പെടുത്തുന്നു.

## അകം രചനകളും
## പുറം രചനകളും

ഈ തീർഥടാനത്തിൽ ഗ്രന്ഥകർത്താവിന്റെ കണ്ണുകൾ മലർക്കെ തുറന്നതും ഹൃദയം പക്ഷ പാതിത്വം ഇല്ലാതെ നിർമലവുമാണ്. നമ്മുടെ മത സാഹിത്യത്തിന്റെ ഒരു പ്രധാന പരിമിതി സാമ്പ്ര ദായിക വിഷയങ്ങൾക്കപ്പുറത്തേക്ക് സഞ്ചരിക്കാനുള്ള അതിന്റെ അന്വേഷണ വിമുഖതയാണ്. പുതിയ കാലത്തിന്റെ വെല്ലുവിളികളെ ശാസ്ത്രീയമായി നേരിടാനോ നമുക്ക് പുറത്തുള്ള വൈവിധ്യമാർന്ന ലോകത്തെ പരിചയിക്കാനോ താൽപര്യമെടുക്കാത്ത അവ സ്ഥിരക്രീത സങ്കൽപങ്ങളെ നിശ്ചല മാക്കി നിർത്താൻ ഇഷ്ടപ്പെടുന്നു. മലയാളത്തിൽ പ്രസിദ്ധീകരിക്കപ്പെട്ടതും പ്രസിദ്ധീകരിക്കപ്പെടു ന്നതുമായ മതസംബന്ധിയായ ഗ്രന്ഥങ്ങളിൽ പലതും ഭൂതകാലത്തെ മാത്രം എപ്പോഴും കാൽപനീ കരിച്ച് കാണിക്കാൻ താൽപര്യപ്പെടുന്നവയാണ്.

എന്നാൽ ഇത്തരം കൃതികളിൽ കാണപ്പെടുന്ന അന്ധമായ വൈകാരികതക്കു പകരം നിരീ ക്ഷണത്തിനും ശാസ്ത്രീയ ചിന്തകൾക്കും വളരെ പ്രാധാന്യം കൊടുത്ത ഒരു വേദപുസ്തകമാണ് വിശുദ്ധ ഖുർആൻ. പ്രകൃതിയിലെ പ്രതിഭാസങ്ങളെ കണ്ട് ചിന്തിക്കാനും ചരിത്രത്തിലെ സംഭവ ങ്ങൾ മനനം ചെയ്ത് യുക്തിസഹമായ തീരുമാനങ്ങളിലെത്താനും അത് വിശ്വാസികളെ പ്രേരിപ്പി ക്കുന്നു. മറ്റു പല മതങ്ങളിലെന്നപോലെ പുനർജന്മത്തിലോ കാലത്തിന്റെ ചാക്രിക ഗതിയിലോ ഉള്ള വിശ്വാസം അതിലില്ല. പകരം വർത്തമാനത്തിലൂടെ ഭാവിയിലേക്ക് നീങ്ങുന്ന ചരിത്രത്തിന്റെ സാംക്രമികതയാണ് അത് മുന്നോട്ടുവെക്കുന്നത്. വൈവിധ്യങ്ങളെ അത് ലോകത്തിന്റെ അനി വാര്യതയായി എണ്ണുകയും അവയിലടങ്ങിയിട്ടുള്ള ഏകത്വത്തെ പരിപോഷിപ്പിക്കുകയും ചെയ്യുന്നു. വൈവിധ്യത്തെ ഒരു കുറ്റമായിട്ടല്ല പ്രപഞ്ചസൃഷ്ടിയിൽ തന്നെ അന്തർഭവിച്ചിട്ടുള്ള നൈസർഗികത യായിട്ടാണ് ഖുർആൻ നിരീക്ഷിക്കുന്നത്. ഇങ്ങനെ നിശ്ചലമാക്കപ്പെട്ടതും നിശ്ചിതമാക്കപ്പെട്ടതുമായ സങ്കുചിത മേഖലകളിൽനിന്നും വൈവിധ്യങ്ങളിലേക്കും വൈജാത്യങ്ങളിലേക്കും പോകാനിഛിക്കുന്ന യഥാർഥ ഖുർആൻ സ്പിരിറ്റ് ഉൾക്കൊള്ളുന്ന ഒരു 'പുറം രചന'യായി നമുക്ക് ഈ ഗ്രന്ഥത്തെ കാണാം.

## വിഷയ സംബന്ധിയായ
## മറ്റു ഗ്രന്ഥങ്ങൾ

മലയാള ഭാഷയിൽ ലോകമതങ്ങളെ പറ്റി എഴുതിയിട്ടുള്ള മറ്റു ചില ഗ്രന്ഥങ്ങളാണ് ശ്രീ കട്ട ക്കലിന്റെ 'ലോക മതങ്ങൾ', മണിലാലിന്റെ 'ബൈബിൾ ഗീത ഖുർആൻ', എം.കെ ഇസ്മാഈൽ മുസ്‌ലിയാരുടെ 'ലോക മതങ്ങളിലൂടെ ഒരു പര്യടനം' എന്നിവ. പലപ്പോഴും വൈകാരികവും ചഞ്ച ലിതവുമായ ശൈലി പിന്തുടരുന്ന ഈ കൃതികളേക്കാൾ വസ്തുനിഷ്ഠമായ നിർമമത്വം കാത്തുസൂ ക്ഷിക്കാൻ ഇവിടെ പരാമർശിതമാകുന്ന പുസ്തകത്തിനാകുന്നുണ്ട്.

ഇംഗ്ലീഷിലാകട്ടെ ഇത്തരം ഗ്രന്ഥങ്ങൾ എണ്ണിയാലൊടുങ്ങാത്തവയാണ്. ലോകമതങ്ങളെക്കു റിച്ച് ഒ.പി ഗായ് എഴുതിയ 'യൂനിറ്റി ഇൻ ഡൈവേഴ്സിറ്റി' പോലുള്ള ഗ്രന്ഥങ്ങൾ ദേശീയോദ്ഗ്രഥ നത്തിനും മതമൈത്രിക്കും വേണ്ടി എഴുതിയവയാണ്. വില്യം ഡ്യൂറന്റിന്റെ 'സ്റ്റോറി ഓഫ് സിവിലൈ സേഷ'നിലും എച്ച്.ജി വെൽസിന്റെ 'ലോക ചരിത്രസംഗ്രഹ'ത്തിലും എസ്. രാധാകൃഷ്ണന്റെയും മറ്റനേകം തത്ത്വജ്ഞാനികളുടെയും ഗ്രന്ഥങ്ങളിലും മതനിരൂപണങ്ങൾ കാണാം.

എന്നാൽ ഇവയിലെന്നപോലെ ലോകമതങ്ങളെ പറ്റിയുള്ള കേവല വൈജ്ഞാനിക വിശകല നങ്ങളല്ല ഈ ഗ്രന്ഥം. പ്രത്യുത തന്റെ ഇസ്‌ലാമിക വീക്ഷണത്തിൽനിന്ന് ഉളവായ ചില പ്രത്യയ ശാസ്ത്ര ബോധ്യങ്ങളുടെ അസ്തിവാരങ്ങളായി സർവമത തത്വസാരങ്ങളെ ചൂണ്ടിക്കാണിക്കുക യാണ് ഗ്രന്ഥകർത്താവ്. ടി. മുഹമ്മദ് സാഹിബിന്റെ *ഭാരതീയ സംസ്കാരത്തിന്റെ അടിയൊഴുക്കു കൾ*, മൗലാനാ അബുൽ കലാം ആസാദിന്റെ *ദൈവസങ്കൽപം കാലഘട്ടങ്ങളിലൂടെ* എന്നീ കൃതിക ളുടെ പൊതുകാഴ്ചപ്പാട് ഈ പുസ്തകം പങ്കുവെക്കുന്നുണ്ട്. സെമിറ്റിക് വംശത്തിന്റെയും ആദിമ ആര്യവംശത്തിന്റെയും അടിസ്ഥാന വേരുകൾ പൊതുപൂർവികരിലാണെന്നുള്ള ഗവേഷണത്തെ സമർഥിക്കുന്നതാണ് ടി. മുഹമ്മദ് സാഹിബിന്റെ പുസ്തകം. ആസാദിന്റേതാകട്ടെ ഏക ദൈവവി ശ്വാസത്തിന്റെ സത്യത്തെ ചരിത്രത്തിലൂടെ തെളിയിച്ചെടുക്കുന്നതും. ഇതേ പാരമ്പര്യത്തിലൂടെ തന്നെ യാണ് ഗ്രന്ഥകർത്താവും സഞ്ചരിക്കുന്നതെങ്കിലും മതത്തെ മർദക/മർദിത സംഘത്തിന്റെ കോണി ലൂടെ നോക്കിക്കാണുന്ന പ്രത്യേകത കൊണ്ടും ആധുനിക ലോകത്തിന്റെ സമസ്യകളെ അഭിമുഖീ

കരിക്കാനുള്ള വൈമുഖ്യത്തിലും അമർന്നുപോയ മതമൂല്യങ്ങളെ സർഗാത്മകമായി തിരിച്ചെടുത്ത് ചരിത്രഗതിയിൽ സ്ഥാപിക്കാനുള്ള ആഗ്രഹ ചിന്തകൊണ്ടും ഈ ഗ്രന്ഥം അവയിൽനിന്നും മാറി നിൽക്കുന്നുണ്ട്.

## കാലിക പ്രസക്തി

ഈ പുസ്തകത്തിന്റെ സമകാലീന പ്രസക്തി നമ്മുടെ കാലഘട്ടത്തിലെ ഏറ്റവും മൂർച്ചയേറിയ ഒരു പ്രധാന പ്രതിസന്ധിയെ ഇത് ഇതിന്റെ ആന്തരിക പാഠങ്ങളിലൂടെ മറികടക്കാൻ ശ്രമിക്കുന്നുണ്ട് എന്നതാണ്. അതായത് മുപ്പത് നാൽപതു കൊല്ലങ്ങൾക്ക് മുമ്പ് നമ്മുടെ സാമൂഹിക സാംസ്കാരിക ലോകത്ത് ഏറ്റവും മുഴങ്ങിക്കേട്ടിരുന്നത് മതവും ഭൗതികപ്രത്യയശാസ്ത്രങ്ങളും തമ്മിലുള്ള വാഗ്വാദങ്ങളായിരുന്നെങ്കിൽ ഇന്ന് മതത്തിന്റെ മുഖ്യശത്രു മതങ്ങൾക്കുള്ളിൽതന്നെ അങ്ങിങ്ങ് രൂപം കൊള്ളുന്ന ഹിംസാത്മകതയാണ്. അന്ന് യൂറോപ്യൻ നവോത്ഥാനത്തിന്റെ സൃഷ്ടിയായ ശാസ്ത്രത്തിന്റെ അപ്രമാദിത്വവും ഭൗതിക പ്രത്യയശാസ്ത്രങ്ങളുടെ വിപുലമായ ജനസ്വാധീനവും മതങ്ങളുടെ സാധുതക്ക് നേരെ വെല്ലുവിളിയുയർത്തിയിരുന്നു. എന്നാൽ തൊണ്ണൂറുകളിൽ യൂറോപ്യൻ നവോത്ഥാന യുക്തിയുടെ പൊള്ളത്തരങ്ങളെ പ്രത്യക്ഷപ്പെടുത്താനും ശാസ്ത്രത്തിന്റെ മാനവിക വിരുദ്ധത വെളിച്ചത്തുകൊണ്ടുവരാനും ഉത്തരാധുനിക ചിന്തകൾക്ക് കഴിഞ്ഞു.

ആധുനിക യുക്തിക്കേറ്റ ഈ പ്രഹരത്തിനു ശേഷം പ്രച്ഛന്ന മതരൂപങ്ങളുടെയും കപട ആത്മീയതയുടെയും ഒരു പൊതു പ്രവാഹമാണ് നാം കണ്ടത്. ആൾദൈവങ്ങൾ, പുതിയ ആത്മീയ പ്രസ്ഥാനങ്ങൾ, പഴയ അനുഷ്ഠാനങ്ങളുടെ പുനർജാഗരണങ്ങൾ, ഗോത്ര പൈതൃകങ്ങൾ, മന്ത്രങ്ങൾ, മാരണങ്ങൾ ഒക്കെ ആധുനികാന്തര മനുഷ്യരുടെ അഭയ സങ്കേതമാവുകയാണ്. ഇതിനൊപ്പം ഹിംസയിലും മൂല്യരാഹിത്യത്തിലും അടിയുറച്ച ഒട്ടേറെ തീവ്രവാദ സംഘടനകളും ഉയിർത്തുവന്നു. ഹിംസാത്മക ദേശീയതയുടെയും വർഗീയ വൈരാഗ്യത്തിന്റെയും പോർവിളികളും ഉയർന്നുപൊങ്ങി. യഥാർഥ മതത്തിന്റെ വിശുദ്ധിയെയും മനുഷ്യത്വത്തെയും വെല്ലുവിളിക്കുന്ന, അപരനെ ശത്രുവായി കാണുന്നവയായിരുന്നു ഈ വിമാനുഷിക സാമൂഹിക രൂപങ്ങൾ.

ഇതിന് നിമിത്തമായി തീർന്നത് ആഗോളവത്കരണമെന്ന പുത്തൻ സാമ്രാജ്യത്വമായിരുന്നു. നൂതന സാങ്കേതികവിദ്യയിലൂടെയും മാധ്യമ വ്യവസായത്തിലൂടെയും അത് ഏകധ്രുവ സ്വഭാവമുള്ള ഭൗമരാഷ്ട്രതന്ത്രങ്ങൾ മെനഞ്ഞപ്പോൾ ജനതകളുടെ സാമൂഹിക, സാംസ്കാരിക സ്വത്വങ്ങൾ അപകടത്തിലാവുകയും, ഇതിനു പ്രതിരോധമായി മതത്തിന്റെയും പ്രാദേശികത്വത്തിന്റെയും വംശീയതയുടെയും കാമ്പില്ലാത്ത പുറന്തോടുകൾ ഉപയോഗിക്കപ്പെടുകയും ചെയ്തു.

ഇത്തരം പ്രതിസന്ധിയുടേതായ ഈ കാലത്ത്, മതങ്ങളുടെ പുറന്തോടുകൾ യഥാർഥ മതങ്ങളെന്ന രീതിയിൽ അണിനിരന്ന് പരസ്പരം പോർ വിളിക്കുമ്പോൾ എല്ലാ മതങ്ങളും അടിസ്ഥാനപരമായി ഒരൊറ്റ ആദിമ പ്രഭവത്തിൽനിന്ന് ഉത്ഭവിച്ചതാണെന്നുള്ള ചിന്ത തീർച്ചയായും ഈ സംഘർഷത്തെ ലഘൂകരിക്കും.

ദൈവിക ചിന്ത വ്യക്തിപരവും സാമൂഹികവുമായ അപചയങ്ങൾ പരിഹരിക്കാനുള്ള ഒരേയൊരു പ്രത്യൗഷധമാണെന്നും ശത്രുതയുടെ ലേബലില്ലാതെ എല്ലാ മനുഷ്യരെയും സ്നേഹിക്കാനും ലോകത്തിന്റെ സന്തുലിതത്വം നിലനിർത്താനും യഥാർഥ ദൈവിക ചിന്തക്കും മതബോധത്തിനും മാത്രമേ കഴിയൂ എന്നും ഈ ഗ്രന്ഥം അതിന്റെ വരികൾക്കിടയിലൂടെ അബോധപരമായും ബോധപൂർവമായും നമ്മോട് വിളിച്ചു പറയുന്നുണ്ട്.

## ഗ്രന്ഥ ഘടന

ആദ്യത്തെ രണ്ടധ്യായങ്ങൾ മതത്തിന്റെ ഉൽപത്തിയെപ്പറ്റി നിലനിൽക്കുന്ന വാദഗതികൾ പരിശോധനവിധേയമാക്കുന്നു. ആദ്യമുണ്ടായത് ബഹുദൈവവിശ്വാസങ്ങളായിരുന്നെന്നും പിന്നീട് ചരിത്രത്തിന്റെ വികാസത്തിൽ അവ ഏകമത വിശ്വാസങ്ങളായി രൂപംകൊണ്ടതാണെന്നുമുള്ള ഫ്രഡറിക് എംഗൽസിന്റേതടക്കമുള്ള വാദഗതിയെ ശാസ്ത്രീയമായി ഗ്രന്ഥകർത്താവ് നേരിടുകയും ഖുർആൻ മുന്നോട്ടുവെക്കുന്ന 'ആദിയിലെ ഏകത്വം' സ്ഥാപിച്ചെടുക്കുകയും ചെയ്യുന്നു. അതിനുശേഷം പതിനൊന്ന് പ്രമുഖ മതങ്ങളുടെ തത്ത്വങ്ങളും ഹ്രസ്വ ചരിത്രങ്ങളും പ്രയോഗരൂപങ്ങളുമൊക്കെ വിവരിക്കപ്പെടുന്നു.

ഈ പുസ്തകത്തിന്റെ ഏറ്റവും മർമപ്രധാനമായ സവിശേഷത വിവരശേഖരണത്തിനായി തെരഞ്ഞെടുത്തിട്ടുള്ള സ്രോതസ്സുകളുടെ ആധികാരികതയാണ്. നമ്മുടെ സാംസ്കാരിക ലോകത്ത് പൊ

തുവെ അംഗീകരിക്കപ്പെടുന്ന ചിന്തകളും അടിസ്ഥാന ഗ്രന്ഥങ്ങളുമാണ് രചയിതാവ് തെരഞ്ഞെടുത്തിട്ടുള്ളതെങ്കിലുംഇതിലെ പല വിവരണങ്ങൾക്കും എതിരായ വാദഗതികളും പ്രാബല്യത്തിലുണ്ട്. ഉദാഹരണത്തിന് പുരാതന ഹൈന്ദവ സംസ്കാരം ആസ്തികതയിൽ ഊന്നിയതായിരുന്നില്ല, പകരം ഭൗതികതയിൽ ഊന്നിയതായിരുന്നു എന്ന് സമർഥിക്കുന്ന ദേവി പ്രസാദ് ഭട്ടാചാര്യ തുടങ്ങിയ ഒട്ടേറെ മാർക്സിയൻ ചിന്തകർ ഉണ്ട്. ആദിമ ക്രിസ്തുമതത്തെക്കുറിച്ചും ഇത്തരം എതിർവായനകൾ ഉണ്ട്. എങ്കിലും അവയെക്കുറിച്ച് ഇനിയും അന്വേഷിക്കാനും തർക്കവിതർക്കങ്ങളിലെ യാഥാർഥ്യം കണ്ടെത്താനും വായനക്കാരന് ഉൾപ്രേരണയായിത്തീരട്ടെ ഈ പ്രൗഢ ഗ്രന്ഥമെന്ന് നമുക്ക് ആശംസിക്കാം. ■